കുട്ടനാട്ടിലെ കൃഷി നശിപ്പിക്കൽ

318 [1248] *ശ്രീ. ജോർജ് ജെ. മാത്യു:*
,, *എം. മുരളി:*
,, *കെ. എ. ചന്ദ്രൻ:*
,, *സി. പി. മുഹമ്മദ്:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. പി. ഐ. (എം.)-ന്റെ നേതൃത്വത്തിൽ ഈ വർഷം കുട്ടനാട്ടിൽ എവിടെയെല്ലാം വെട്ടി നിരത്തൽ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഹെക്ടർ സ്ഥലത്ത് വെട്ടിനിരത്തൽ നടത്തിയെന്നും ഇതുമൂലം എന്തു നാശനഷ്ടമുണ്ടായി എന്നും കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഈ വെട്ടിനിരത്തലിന് നേതൃത്വം കൊടുത്തതാരെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) അവരുടെ മേൽ കേസ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കുമോ;

(ഇ) വെട്ടിനിരത്തൽ നടത്തിയവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സി. പി. ഐ. (എം.)-ന്റെ നേതൃത്വത്തിൽ കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ കിടങ്ങറയിൽ വെട്ടി നിരത്തൽ നടത്തിയിട്ടുണ്ട്.

(ബി) സർവ്വേ നമ്പർ 2/1 എ.-ൽപ്പെട്ട 40 ആർസ് നിലത്തിലെ മൂലകൾ വെട്ടിനിരത്തി രണ്ടുവർഷം പ്രായംചെന്ന 56 എണ്ണപ്പന തൈകൾ വെട്ടി നശിപ്പിച്ചിട്ടുണ്ട്. ഉദ്ദേശം 15,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി) സി. പി. ഐ. (എം.)-ന്റെ എൽ. സി. സെക്രട്ടറി ഉദയകുമാറും പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി ഓമനാ പൊന്നപ്പനും നേതൃത്വം നൽകി.

(ഡി) സ്ഥലം ഉടമ പരാതി നൽകാത്തതിനാൽ കേസ് എടുത്തില്ല.

(ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly